By Spl messenger

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ — വിനിയോഗ — സാക്ഷ്യപത്രം സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എച്ച്.ബി.എ) വകുപ്പ്**

**സ.ഉ(അച്ചടി)നം. 430/2015/ധന. തീയതി, തിരുവനന്തപുരം,29.09.2015**

---

പരാമർശം: - സ.ഉ(അച്ചടി)നം.505/2009/ധന. തീയതി, 12.11.2009

## ഉത്തരവ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 244C (xxi) പ്രകാരം ഭവന നിർമ്മാണ വായ്പ കൈപ്പറ്റി ഒരു വർഷത്തിനകം വായ്പയായി അനുവദിച്ച തുക പ്രസ്തുത ആവശ്യത്തിലേക്കായി വിനിയോഗിച്ചിരിക്കണം. ആയതിൻ പ്രകാരം വായ്പ തുക കൈപ്പറ്റി ഒരു വർഷത്തിനകം വിനിയോഗ സാക്ഷ്യപത്രം വകുപ്പ് മേധാവി മേലൊപ്പ് വച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുക്കേണ്ടതുമാണ്. എന്നാൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് കാരണം ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുവാൻ കഴിയില്ലെന്നും ആയത് സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചുകൊണ്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വായ്പയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിനുള്ള കാലാവധി വായ്പ പിൻവലിച്ച തീയതി മുതൽ ഒരു വർഷം എന്ന നിലവിലുള്ള നിബന്ധന രണ്ടു വർഷമായി ദീർഘിപ്പിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന് 01.01.2014 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

കേരള ഫിനാൻഷ്യൽ കോഡിൽ ഇതു സംബന്ധിച്ച് ഭേദഗതി വരുത്തുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എസ്. വി. കലേശൻ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ജി & എസ്.എസ്.എ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ഇ & ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും, ഓഫീസുകൾക്കും.
സെക്രട്ടേറിയറ്റ് വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെൻറ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിൻറ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർക്കും, മറ്റ് മന്ത്രിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓംബുഡ്സ്മാൻ.
നോഡൽ ഓഫീസർ, www.finance.keralal.gov.in.
സ്റ്റോക്ക് ഫയൽ; ഓഫീസ് പ്കർപ്പ്.

ഉത്തരവിൻ പ്രകാരം

SKS Peegum

സെക്ഷൻ ഓഫീസർ